(സി) പി. എം. ജി. എസ്. വൈ. പ്രകാരമുള്ള 4758 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന്റെ അധികാരപ്പെടുത്തിയ കമ്മിറ്റി (Empowered Committee) അംഗീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ PURA പദ്ധതി

162 [1881] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് PURA പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം പ്രദേശങ്ങളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(സി) പുനലൂർ നിയോജകമണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പുനലൂരിൽ എന്തെല്ലാം പ്രവർത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; ഇതിന്റെ എന്തെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഈ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ;

(ജി) പുനലൂരിൽ ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ് ; പദ്ധതി നിർദ്ദേശങ്ങൾ ആർക്കാണ് നൽകുന്നത് ; അംഗീകാരം നൽകുന്നത് ആരാണ് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'പുര' പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) കേരളത്തിലെ ഒരുലക്ഷം വരെ ജനസംഖ്യയുള്ള കേന്ദ്രഗവൺമെന്റ് തിരഞ്ഞെടുത്ത പെറുനഗരങ്ങളുടെ നാല് മുതൽ അഞ്ചു കിലോമീറ്റർ ചുറ്റളവിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട പത്തു മുതൽ പതിനഞ്ചു ഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുക.

(സി-ഇ) പുനലൂർ ടൗണിന്റെ പ്രാന്തപ്രദേശങ്ങളായ വിളക്കുടി, കരവാളൂർ, പിറവന്തൂർ, ഏരൂർ, തെന്മല എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. മെച്ചപ്പെട്ട ഗതാഗത സൗകര്യം, വൈദ്യുതി ലഭ്യത, ടെലികോം, ഇന്റർനെറ്റ്, ഐ.റ്റി. സേവനങ്ങളുടെ ലഭ്യത, വിദ്യാഭ്യാസം, ട്രെയിനിംഗ് സ്ഥാപനങ്ങൾ സ്ഥാപിക്കുക, കർഷകർക്ക് മാർക്കറ്റ് കണക്റ്റിവിറ്റി ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനുള്ള കരട് രൂപരേഖ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കരട് രൂപരേഖയ്ക്ക് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരവും ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുവാൻ സാധിക്കും.

(ജി) ഇക്കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

ഗ്രാം സഡക് യോജന പ്രകാരം പണി പൂർത്തിയാകാത്ത റോഡുകൾ

163 [1882] ശ്രീ. വി. ഡി. സതീശൻ :
" ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
" എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ ഗ്രാം സഡക് യോജന പ്രകാരം പണിയാരംഭിച്ച റോഡുകളുടെ പണി എവിടെയെല്ലാം പൂർത്തിയാകാതെ കിടപ്പുണ്ട് ;

(ബി) ഇവ പൂർത്തിയാകാതെ കിടക്കാനുള്ള കാരണമെന്ത് ;

(സി) ഇപ്രകാരമുള്ള റോഡുകളുടെ പണി ഉടനടി പൂർത്തിയാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് വരുന്നു.

പഴ സംസ്ക്കരണ പരിശീലന കേന്ദ്രങ്ങൾ

164 [1883] ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഴം സംസ്ക്കരണ പരിശീലനത്തിനായി പുതുതായി എന്തെങ്കിലും പദ്ധതി അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ;

(ബി) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിലുള്ള പഴ സംസ്ക്കരണ പരിശീലന കേന്ദ്രത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) 2004 സാമ്പത്തിക വർഷത്തിൽ എത്ര തൊഴിൽദായകർ ഇവിടെ പരിശീലനം നേടിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly